LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിൽ എൽ. ഡി. സി.-മാരായി നിയമിക്കപ്പെടുന്നതിന് നടത്തിയ പരീക്ഷ

35 [35] ശ്രീ. ഇ. എം. അഗസ്തി:
,, കെ. എ. ചന്ദ്രൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എൽ. ഡി. സി.-മാരായി നിയമിക്കപ്പെടുന്നതിന് നടത്തപ്പെട്ടതും റദ്ദാക്കപ്പെട്ടതുമായ പി. എസ്. സി. പരീക്ഷ എത്ര പേർ എഴുതിയിരുന്നു;

(ബി) ഈ ടെസ്റ്റിന്റെ ചോദ്യക്കടലാസ് ചോർന്നുവെന്ന് പി. എസ്. സി.-ക്കും മുഖ്യമന്ത്രിക്കും എത്ര പരാതികൾ കിട്ടിയിരുന്നു;

(സി) പരാതി നിലവിലിരിക്കെ ജോലി കിട്ടാൻ സാദ്ധ്യതയുള്ളവരുടെ ലിസ്റ്റ് പി. എസ്. സി. പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരാതിയെപ്പറ്റി അന്വേഷിക്കാതെ സാദ്ധ്യതാലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

കൊല്ലം ജില്ലയിലെ എൽ. ഡി. സി. പരീക്ഷ

36 [36] ശ്രീ. ഡി. സുഗതൻ:
,, കെ. മുഹമ്മദാലി:
,, എം. മുരളി:
,, എം. പി. ഗംഗാധരൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. സി.-മാരായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ കൊല്ലം ജില്ലയ്ക്കുവേണ്ടി പി. എസ്. സി. തയ്യാറാക്കിയ സാദ്ധ്യതാ ലിസ്റ്റും പ്രസ്തുത സാദ്ധ്യതാ ലിസ്റ്റ് തയ്യാറാക്കുന്നതിന് ആധാരമായി 16-8-2003-ൽ നടത്തിയ എഴുത്തു പരീക്ഷയും പി. എസ്. സി. റദ്ദാക്കുകയുണ്ടായോ;